**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3484** **15-02-2024 - ൽ മറുപടിയ്ക്ക്**

**ശരണ്യ, നവജീവൻ, കെസ്റ്റു സ്വയം തൊഴിൽ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ തൊഴിൽ പദ്ധതികളിലൂടെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യപ്പെട്ട വായ്പയെയും ധനസഹായങ്ങളെയും കുറിച്ച് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെസ്റ്റു, മൾട്ടിപർപ്പസ്, ശരണ്യ, നവജീവൻ, കൈവല്യ എന്നീ സ്വയംതൊഴിൽ പദ്ധതികളിലൂടെ 10204 ഗുണഭോക്താക്കൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിലേയ്ക്കായി 44,55,30,082/- രൂപ വായ്പ/ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട് |
| (ബി) | ശരണ്യ സ്വയം തൊഴിൽ പദ്ധതിയിലൂടെ വിതരണം ചെയ്ത സഹായങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശരണ്യ സ്വയംതൊഴിൽ പദ്ധതി പ്രകാരം 6581 അശരണരായ വനിതകൾക്ക് ആകെ 31,29,85,000/- രൂപ പലിശരഹിത വായ്പ അനുവദിച്ചിട്ടുണ്ട്. |
| (സി) | നവജീവൻ സ്വയം തൊഴിൽ പദ്ധതിയിൽ എത്രത്തോളം ഗുണഭോക്താക്കൾ ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുണ്ടെന്നും ഇതുവരെ എത്ര തുക വിതരണം ചെയ്യപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നവജീവൻ സ്വയംതൊഴിൽ പദ്ധതി പ്രകാരം 718 സംരംഭകർക്ക് ആകെ 88,00,000/- രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. |
| (ഡി) | കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേഡ് അൺ എംപ്ലോയ്ഡ് (കെസ്റ്റു) സ്വയം തൊഴിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (ഡി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/ സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 50-നും മധ്യേയുള്ള കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവർക്ക് ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പ്പക്ക് അർഹതയുണ്ട്. പരമാവധി 1,00,000/- രൂപ വായ്പയായി അനുവദിക്കുന്നു. വായ്പത്തുകയുടെ 20% സബ്സിഡിയായി ലഭിക്കും. |
| (ഇ) | സംരംഭങ്ങൾ ആരംഭിക്കുന്നതിന് മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ് സഹായകമായിട്ടുണ്ടോ? | (ഇ) | ഉണ്ട് |

സെക്ഷൻ ഓഫീസർ